# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.18338/AD A3/4/2019/ADMIN                    തീയതി.18.10.2019

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ പേര് ഒഴിവാക്കി സ്ഥാനപ്പേര്, വകുപ്പിന്റെ പേര്, കാര്യാലയത്തിന്റെ പേര്, ഫോൺ നമ്പർ എന്നിവ മാത്രം പരാമർശിച്ചാൽ മതിയെന്നും ടി നിർദ്ദേശം കർശനമായി പാലിക്കണമെന്നും നിഷ്കർഷിച്ചുകൊണ്ട് സർക്കാർ സി.ഡി.എൻ.5/67/19/പൊഭവ തീയതി 18.05.2019 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ മിനിറ്റ്സ് ഇനം നം. 53/19.08/DDFS-18338/2019 തീയതി 05.10.2019 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/4/ഓഡിറ്റ് 1/4/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 18338/AD A3/4/2019/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 18-Oct-2019 04:42 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

"ഭരണഭാഷ മാതൃഭാഷ"

**കേരളസർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സി.ഡി.എൻ.5/67/19/പൊഭവ

തിരുവനന്തപുരം, തീയതി:18.05.2019.

## സർക്കുലർ

വിഷയം:- വിവരാവകാശ നിയമം 2005 – സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ നൽകുന്ന മറുപടിയിൽ അപ്പീൽ അധികാരിയുടെ പേര് നിർദ്ദേശിക്കേണ്ടതില്ലെന്നത് - സംബന്ധിച്ച്.

സൂചന:- 24.04.2019-ലെ സംസ്ഥാന വിവരാവാകാശ കമ്മീഷന്റെ 14226/G.8.Admin/2018/SIC നമ്പർ കത്ത്.

വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ ചില ഓഫീസുകളിൽ നിന്നും നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ പേര് പരാമർശിക്കുന്നുണ്ടെന്നും, എന്നാൽ പ്രസ്തുത അപ്പീലധികാരി മാറി പുതിയ അപ്പീൽ അധികാരി ചുമതലയേൽക്കുന്ന സന്ദർഭങ്ങളിൽ അപേക്ഷകർ മുൻ അപ്പീലധികാരിയുടെ പേരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പല ഓഫീസുകളിലും സ്വീകരിക്കാതിരിക്കുന്നതായി വിവരാവകാശ കമ്മീഷനിൽ പരാതികൾ ലഭ്യമാകുന്നുണ്ട്. ആയതിനാൽ വിവരാവകാശ നിയമ പ്രകാരം നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീലധികാരിയുടെ പേര് പരാമർശിക്കേണ്ടതില്ലെന്ന് സംസ്ഥാനത്തെ എല്ലാ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകണമെന്ന് സൂചന പ്രകാരം വിവരാവകാശ കമ്മീഷൻ അഭ്യർത്ഥിച്ചിരുന്നു.

2) വിവരാവകാശ നിയമത്തിന്റെ പ്രയോജനം കൂടുതൽ സുതാര്യമായി പൊതുജനങ്ങളിലെത്തിക്കുന്നതിനായി കമ്മീഷന്റെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് ഉചിതമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടു. ആയതിനാൽ വിവരാവകാശ നിയമ പ്രകാരം സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീലധികാരിയുടെ പേര് ഒഴിവാക്കി സ്ഥാനപ്പേര്, വകുപ്പിന്റെ പേര്, കാര്യാലയത്തിന്റെ പേര്, ഫോൺ നമ്പർ എന്നിവ മാത്രം പരാമർശിച്ചാൽ മതിയെന്നും, ടി നിർദ്ദേശം കർശനമായി പാലിക്കണമെന്നും നിഷ്കർഷിക്കുന്നു.

**എം.ജി.രഞ്ജിത് കുമാർ**
അഡീഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ - 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(പ്രസ്സ് റിലീസിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണം നടത്തുന്നതിനുമായി)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്